ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട്.കൽപ്പറ്റ
ഫോൺ.04936 202251,ഫാക്സ്. 04936 203450
ഇമെയിൽ: dcwayanad@gmail.com

**ചെയർമാൻ ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം**

**(ഹാജർ: ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)**

**ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയതി 24.3.2020**

വിഷയം- കോവിഡ് 19 കെയർ സെന്ററുകളായി കെട്ടിടങ്ങൾ ഏറ്റെടുക്കുന്നത്.
സൂചന- ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയതി 20.3.2020

കോവിഡ് 19- വ്യപന ഭീഷണി നിലൽക്കുന്നതിനാൽ ജില്ലയിലെ വിവിധ സ്ഥാപനങ്ങൾ കോവിഡ് കെയർ സെന്ററുകളാക്കിക്കൊണ്ട് സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് കൂടുതൽപേർക്ക് ഈ രോഗം പിടിപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടി എന്ന നിലയിൽ ഇത്തരത്തിലുള്ള കൂടുതൽ സെന്ററുകൾ ആവശ്യമായി വരുന്നതാണ് . അത്തരം സാഹചര്യം കണക്കിലെടുത്ത് കോവിഡ് കെയർ സെന്ററുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ജില്ലയിലെ മുൻസിപ്പൽ /പഞ്ചായത്ത് സെക്രട്ടറിമാർക്ക് തങ്ങളുടെ അധികാര പരിധിക്കകത്തുള്ള ഏതൊരുകെട്ടിടവും ഇത്തരത്തിൽ കോവിഡ്കെയർ സെന്ററാക്കി മാറ്റേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം അവ ഏറ്റെടുക്കുന്നതിന് 2005 ലെ ദുരന്ത നിവാരണ ആക്ട് 34 (m) വകുപ്പ് പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു. ഇത്തരത്തിൽ കെട്ടിടങ്ങൾ ഏറ്റെടുക്കുമ്പോൾ അത് ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഏതെങ്കിലുമൊരു ഉത്തരവിന് വിരുദ്ധമായിട്ടല്ല എന്നത് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ് . ഇത്തരത്തിൽ ഏറ്റെടുത്ത കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പ് ചുമതല മുൻസിപ്പൽ /പഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കും. എന്നാൽ 23.3.2020 ലെ ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ DCWYD/2909/2020-DM1 പ്രകാരം ഏറ്റെടുത്ത കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പ് ചുമതല ബന്ധപ്പെട്ട തഹസിൽദാർ മാർക്ക് ആയിരിക്കും.

ജില്ലാ കലക്ടർ
വയനാട്

ഡി.ഡി.പി വയനാട് - ജില്ലയിലെ മുൻസിപ്പൽ/ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുന്നതിന്.

തഹസിൽദാർ -മാനന്തവാടി, വൈത്തിരി, സു.ബത്തേരി